(ബി) വ്യക്തിപരമായ കാരണങ്ങളായിരുന്നു.

(സി) മാറ്റുകയുണ്ടായി.

(ഡി) 15.7.2000-ൽ അന്നത്തെ ഇന്റലിജൻസ് ഡി.ഐ.ജി.-യായിരുന്ന ശ്രീ.സെൻ കുമാർ ഡി.ജി.പി.-ക്കു സമർപ്പിച്ചിരുന്ന ഒരു രഹസ്യ ഇന്റലിജൻസ് റിപ്പോർട്ട്, 16.7.2000-ലെ ഒരു പത്രത്തിൽ അച്ചടിച്ചുവന്നിരുന്നു. ഈ ചോർച്ച അതീവ ഗുരുതരമായി ഗവൺമെന്റ് കാണുകയും ഇതേത്തുടർന്ന് ശ്രീ.സെൻ കുമാറിന്റെ വിശദീകരണം ആവശ്യപ്പെടുവാനും അദ്ദേഹത്തെ ഇന്റെലിജൻസ് ഡി.ഐ.ജിയുടെ ചുമതലയിൽ നിന്നും മാറ്റി നിർത്തുവാനും സർക്കാർ തീരുമാനിക്കുകയും ചെയ്തു.

49(67) പി.എസ്.സി. വഴി നേരിട്ടുള്ള സബ് ഇൻസ്പെക്ടർ നിയമനം

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ഏതെല്ലാം വിഭാഗങ്ങളിലേക്കാണ് പി.എസ്.സി. വഴി നേരിട്ടുള്ള സബ് ഇൻസ്പെക്ടർ നിയമനമുള്ളത്; ഓരോ വിഭാഗത്തിലും നേരിട്ടുള്ള നിയമനം എത്ര ശതമാനം വീതമാണ്;

(ബി) ഈ നിയമനങ്ങൾക്കെല്ലാം സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) എല്ലാ വിഭാഗങ്ങളിലേക്കുമുള്ള പി.എസ്.സി. നിയമനങ്ങൾക്ക് ഓരോ വിദ്യാഭ്യാസയോഗ്യതയും തെരഞ്ഞെടുപ്പ് രീതിയുമാണോ;

(ഡി) ഓരോ വിഭാഗങ്ങളിലും ഇങ്ങനെ നേരിട്ട് നിയമനം ലഭിക്കുന്ന സബ് ഇൻസ്പെക്ടർമാരുടെ പരമാവധി പ്രമോഷൻ സാധ്യത ഏത് തസ്തിക വരെയാണെന്ന് വിശദമായി തരം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഇങ്ങനെ നേരിട്ട് നിയമനം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെ പ്രമോഷൻ സാധ്യത ഒരുപോലെയല്ലെങ്കിൽ ഈ വിവേചനം മാറ്റുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച്, ജില്ലാ സായുധവിഭാഗം, ആംഡ് പോലീസ് ബറ്റാലിയൻ എന്നീ വിഭാഗങ്ങളിലേക്ക് പി.എസ്.സി. വഴി നേരിട്ട് സബ് ഇൻസ്പെക്ടർ നിയമനം നടത്തുന്നുണ്ട്. ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലേക്ക് 50 ശതമാനവും ജില്ലാ സായുധവിഭാഗത്തിലേക്ക് 50 ശതമാനവും ആംഡ് പോലീസ് ബറ്റാലിയനിലേക്ക് 25 ശതമാനവും നേരിട്ട് നിയമനം നടത്തിവരുന്നു.

(ബി) ആംഡ് പോലീസ് ബറ്റാലിയൻ സബ് ഇൻസ്പെക്ടർ നിയമനത്തിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. മറ്റു രണ്ടു വിഭാഗങ്ങളിലെ സബ് ഇൻസ്പെക്ടർ നിയമനത്തിന് എക്സിക്യൂട്ടീവ് ഉത്തരവുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദ്യാഭ്യാസയോഗ്യത ഒന്നുതന്നെയാണ്. എന്നാൽ ഓരോ വിഭാഗത്തിലും പ്രത്യേകമായാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്..

(ഡി) എ.പി. ബറ്റാലിയൻ ഡെപ്യൂട്ടി കമാണ്ടന്റ്വരെ എ.ആർ.വിഭാഗ-ഡെപ്യൂട്ടി കമാണ്ടന്റ് വരെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗം- പോലീസ് സൂപ്രണ്ട് (നോൺ.ഐ.പി.എസ്. വരെ.)

(ഇ) ഓരോ വിഭാഗത്തിലേക്കും പ്രത്യേകം പ്രത്യേകം നിയമനം നടത്തുന്നതുകൊണ്ടും ജോലിയുടെ സ്വഭാവത്തിൽ ഗണ്യമായ വ്യത്യാസമുള്ളതിനാലും വിവിധ വിഭാഗങ്ങളുടെ പ്രമോഷൻ സാധ്യതയെ താരതമ്യപ്പെടുത്തുവാൻ ആവില്ല.

50 (68) പോലീസ്/എക്സൈസ് വകുപ്പുകളിലെ അഴിമതി

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് - എക്സൈസ് വകുപ്പുകളിലെ ജീവനക്കാരുടേയും ഉദ്യോഗസ്ഥൻമാരുടേയും അഴിമതിയേയും അനധികൃതസ്വത്ത് സമ്പാദ്യത്തേയും പറ്റി കല്ലുവാതുക്കൽ മദ്യദുരന്തത്തെപ്പറ്റി അന്വേഷിച്ച പ്രത്യേക പോലീസ് സംഘത്തിന് എന്തെങ്കിലും വിവരം ലഭിച്ചുവോ;

(ബി) എങ്കിൽ പ്രസ്തുത വിവരങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി) ഇതു സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു.

51 (69) പോലീസ് വകുപ്പിൽ വിദേശരാജ്യം സന്ദർശിച്ചവർ

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :

ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിലെ എത്രപേർ വിദേശ രാഷ്ട്രങ്ങൾ സന്ദർശിച്ചു; അവർ ആരെല്ലാമാണ്;

(ബി) ഇവർ ഓരോരുത്തരും ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് വിദേശയാത്ര നടത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) ഔദ്യോഗിക സന്ദർശനത്തിനായി പോയ ഉദ്യോഗസ്ഥൻമാർക്ക് എന്ത് തുക ചെലവായി എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly